(ബി) കൊയിലാണ്ടി കോടതി ദ്വൈശതാബ്ദി കെട്ടിടം പണി ടെണ്ടർ നടപടികഴിഞ്ഞ ശേഷം അനിശ്ചിതാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പഴയ കോടതി കെട്ടിടം പൊളിച്ചു മാറ്റുന്നതിനും പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനം സുഗമമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ആവശ്യമായ ഉത്തരവ് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കൊയിലാണ്ടി കോടതിയുടെ പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചതിലും കുറഞ്ഞ ലേലം ഉറപ്പിച്ച കൊയിലാണ്ടി സബ് ജഡ്ജിന്റെ നടപടി സാധൂകരിക്കണമെന്ന ജില്ലാ കളക്ടറുടെ ശിപാർശ റവന്യൂ വകുപ്പിൽനിന്നും 11-2-2014-ൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. കെട്ടിടം പണി സംബന്ധിച്ച അനിശ്ചിതാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ മുരളീധരൻ എന്ന യുവാവ് കൊല ചെയ്യപ്പെട്ടതിനെ തുടർന്നുള്ള അന്വേഷണം

220 (3854) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ മുരളീധരൻ എന്ന യുവാവ് കൊല ചെയ്യപ്പെട്ടതിനെ തുടർന്ന രജിസ്റ്റർ ചെയ്ത കേസിൽ എത്ര പ്രതികളാണുള്ളത് ; എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ;

(ബി) ഈ കേസ്സിന്റെ അന്വേഷണം കണ്ണൂർ മേഖലാ ഡി.ഐ.ജി.-യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തെ ഏൽപ്പിച്ചിരുന്നോ; എങ്കിൽ ഈ സംഘത്തിൽ ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ ആരൊക്കെയാണ് ; ഈ സംഘത്തിൽനിന്ന് പിന്നീട് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ;എങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ ;

(സി) ഈ കേസ്സ് ക്രൈംബ്രാഞ്ചിനെ ഏല്പിച്ചിട്ടുണ്ടോ;എങ്കിൽ എപ്പോഴാണ് ഏല്പിച്ചത് ; അന്വേഷണം പൂർത്തിയാക്കാൻ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ മുരളീധരൻ കൊല ചെയ്യപ്പെട്ടതിനെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസ്സിൽ 8 പ്രതികളാണുള്ളത്. ടി 8 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം കണ്ണൂർ റേഞ്ച് ഡി.ഐ.ജി. ആയ ശ്രീ. ദിനേന്ദ്ര കശ്യപിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് എ.ഡി.ജി.പി., നോർത്ത് സോൺ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുകയുണ്ടായി.

1. ശ്രീ. പി. പി. രഞ്ജിത്ത്, ഡിവൈ.എസ്.പി., കാസർഗോഡ്
2. ശ്രീ. കെ. ദാമോദരൻ, ഡിവൈ.എസ്.പി., ഡി.സി.ആർ.ബി., കാസർഗോഡ്
3. ശ്രീ. കെ. പി. സുരേഷ് ബാബു, ഇൻസ്പെക്ടർ കുമ്പള
4. ശ്രീ. സി. കെ. സുനിൽ കുമാർ, ഇൻസ്പെക്ടർ കോസ്റ്റൽ പോലീസ് സ്റ്റേഷൻ, കാസർഗോഡ്
5. ശ്രീ. ബാലകൃഷ്ണൻ, എസ്.സി.പി.ഒ. 1098, ബേഡകം പോലീസ് സ്റ്റേഷൻ
6. ശ്രീ. നാരായണൻ, എസ്.സി.പി.ഒ. 1089 വിദ്യാനഗർ പോലീസ് സ്റ്റേഷൻ
7. ശ്രീ. പ്രദീപ് , സി.പി.ഒ. 1742, ബേഡകം പോലീസ് സ്റ്റേഷൻ
8. ശ്രീ. സുനിൽ അബ്രഹാം, സി.പി.ഒ. 1758, ജില്ലാഎസ്.ബി, കാസർഗോഡ്
9. ശ്രീ. സിനീഷ് സിറിയക്, സി.പി.ഒ. 1933, കുമ്പള പോലീസ് സ്റ്റേഷൻ
10. ശ്രീ. ശിവകുമാർ, സി.പി.ഒ. 2045,സൈബർ സെൽ കാസർഗോഡ്
11. ശ്രീ. ഷാജു, സി.പി.ഒ 1760, നീലേശ്വരം പോലീസ് സ്റ്റേഷൻ
12. ശ്രീ. പ്രതീഷ് ഗോപാൽ, സി. പി. ഒ., 1825, കുമ്പള പോലീസ് സ്റ്റേഷൻ.

മേൽപറയുന്ന ഉദ്യോഗസ്ഥരിൽനിന്നും ശ്രീ. പി. പി. രഞ്ജിത്ത്, ഡിവൈ.എസ്.പി. കാസർഗോഡിനെ ടി പ്രത്യേക അന്വേഷണ സംഘത്തിൽ തെറ്റായി ഉൾപ്പെടുത്താൻ ഇടയായതിനാൽ ടിയാനെ പ്രസ്തുത സംഘത്തിൽനിന്നും ഒഴിവാക്കിക്കൊണ്ട് എ.ഡി.ജി.പി. നോർത്ത് സോൺ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടില്ല. പ്രസ്തുത കേസിന്റെ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly